milma

# Malabar Regional Co-operative Milk Producers' Union Ltd.

Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No: MRU:P&I:301:2025-26 : 307 01.08.2025

## സർക്കുലർ 1057/2025

**വിഷയം :** **മിൽമ കാലിത്തീറ്റ വിൽപ്പന - മേഖലാ യൂണിയന്റെ കാലിത്തീറ്റ ഡിസ്കൗണ്ട് തുടരുന്നത് സംബന്ധിച്ച്.**

**സൂചന :** **1) മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 31.07.2025 തിയ്യതിയിലെ 9/(GEN)/5 (ബി)-ാം നമ്പർ തീരുമാനം.**

**2) കെ.സി.എം.എം.എഫ്., ജനറൽ മാനേജറുടെ 24.07.2025 തിയ്യതിയിലെ KCMMF/HO/Purchase/58/CFPG/2025/4061 നമ്പർ കത്ത്.**

മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ വരുന്ന എല്ലാ ക്ഷീര സംഘങ്ങളിലൂടെയും ക്ഷീരകർഷകർക്കു നൽകുന്നതിനായി, ഇൻവോയ്സ് ചെയ്യുന്ന **മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക്** 50 കിലോ ചാക്ക് ഒന്നിന് 100 രൂപ വീതം 2025 ജൂലൈ മാസം 1 മുതൽ 31 വരെ നൽകിയിരുന്നു. പ്രസ്തുത **സബ്സിഡി 2025 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും** തുടരുന്നതാണ്.

ഇത് കൂടാതെ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോഗ്രാം ചാക്ക് ഒന്നിന് 100 രൂപ വീതം ഡിസ്ക്കൗണ്ട് 2025 ജൂലൈ മാസത്തിൽ നൽകിയിരുന്നത് 2025 ആഗസ്റ്റ് മാസത്തിലും തുടരുന്നതാണ്. ഇതുൾപ്പെടെ **2025 ആഗസ്റ്റ് മാസത്തിൽ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോഗ്രാം ചാക്ക് ഒന്നിന് 200 രൂപയാണ് സബ്സിഡിയായി ലഭിക്കുക എന്ന വിവരം സന്തോഷ പൂർവ്വം അറിയിച്ചുകൊള്ളുന്നു.**

കൂടാതെ ക്ഷീര സംഘങ്ങളിൽ നിന്നും ക്ഷീര കർഷകർ വാങ്ങുന്ന മലബാർ റൂറൽ ഡെവലപ്പ്മെന്റ് ഫൗണ്ടേഷന്റെ പെല്ലെറ്റ് രൂപത്തിലുള്ള **ടി.എം.ആർ കാലിത്തീറ്റയ്ക്കും,** ട്രൂ **മീൽ ടി.എം.ആർ.ഫീഡിനും കിലോയ്ക്ക് 1 രൂപ വീതം** നൽകി വരുന്ന സബ്സിഡി, **2025 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നൽകുന്നതാണെന്നും** ഇതിനാൽ അറിയിക്കുന്നു.

**2025 ഏപ്രിൽ മാസം മുതൽ ജൂലൈ മാസം വരെ മലബാർ മേഖലയിലെ ക്ഷീരകർഷകരി ലേക്ക് 7.4 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. 2025 ജൂലൈ മാസത്തിൽ നൽകി വരുന്നതും ഇപ്പോൾ പ്രഖ്യാ പിച്ചിട്ടുള്ളതുമടക്കം ഈ സാമ്പത്തിക വർഷത്തിൽ 10.6 കോടി രൂപ കാലിത്തീറ്റ സബ്സിഡി ഇനത്തിൽ ക്ഷീര കർഷകരിലേയ്ക്ക് എത്തിച്ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്.**

**മാനേജിംഗ് ഡയറക്ടർ**

യൂണിയന് പാൽ നൽകുന്ന എല്ലാ അംഗ സംഘങ്ങൾക്കും

പകർപ്പ് :

1. ജനറൽ മാനേജർ
2. ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
3. സീനിയർ മാനേജർ, കോഴിക്കോട്/പാലക്കാട് ഡെയറി
4. എല്ലാ ഡെയറി മാനേജർമാർക്കും
5. സി.ഇ.ഒ, എം.ആർ.ഡി.എഫ്
6. ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ/പി&ഐ സബ് യൂണിറ്റ് മേധാവികൾ
7. പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
8. മാനേജർ, കാലിത്തീറ്റ ഫാക്ടറി, മലമ്പുഴ & പട്ടണക്കാട്
9. അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
10. www.mrcmpu.com/E-Stock Files

No. D 89 (D) H.O. Calicut

Website: www.malabarmilma.com • E-mail: mrcmpu@malabarmilma.coop • Toll Free No: 1800 889 0230 • Phone: 0495 - 2800612
MRCMPU Head Office - GST:32AAAAM1011G2ZH • PAN : AAAAM1011G
DAIRIES at: • Palakkad • Kozhikode • Kannur • Kasaragod • Wayanad • North Beypore (CPD)